


DIGITAL
MAGAZENE

# പെരുമ@1996

PERUMATTY
PANCHAYATH HSS
KANNIMARI

# PERUMATTY PANCHAYATH HIGHER SECONDARY SCHOOL KANNIMARI



# ആമുഖം

പെരുമ@1996 എന്ന ഡിജിറ്റൽ മാഗസിൻ കഥ,കവിത,ആസ്വാദനം,ചിത്രം എന്നീ വ്യവഹാരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഒരു ജനതയുടെ ആത്മാവിഷ്കാരമാകുന്ന ഭാഷ-യ്ക്കും സംസ്കാരത്തിനും കലയ്ക്കും പൂർണത ലഭിക്കുന്നത് അവ അവതരിപ്പിക്കുകയും ആസ്വദിക്കുകയും ചെയ്യുമ്പോഴാണ് ഓരോ കുട്ടികളി-ലുമുള്ള കഴിവുകൾ പുറത്തെടുക്കുമ്പോളാണ് സൃഷ്ടികൾ ഉണ്ടാവുന്നത്.

സാഹിത്യത്തിന്റെ വൈകാരികശക്തി കുട്ടികളുടെ വ്യക്തിവികാസത്തെ സഹായി-ക്കുന്നു.ഭാഷയിൽ ആശയപ്രകടനത്തിന്വ്യത്യസ്ത വഴികളുണ്ട്. കുട്ടികളുടെ രചനശേഷി-യിൽ ഏറ്റകുറച്ചിലുകൾ ഉണ്ടാവും.എങ്കിലും പരിശ്രമം തന്നെയാണ് വിജയം.



പ്രിയകുട്ടികളെ

പെരുമ @1996 എന്ന ഡിജറ്റൽ

മാസികയുടെ അണിയറപ്രവർത്തകരായ

എല്ലാ കുട്ടികൾക്കും എന്റെ അഭിനന്ദനങ്ങൾ.
വിവരസാങ്കേതികവിദ്യയുടെ ലോകത്താണ്

നാമിന്ന് ജിവിക്കുന്നത്. നിങ്ങളുടെ
ഈ ഉദ്യമം അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന
വിവരവിനിമയ സാങ്കേതികവിദ്യയുടെ

പുത്തൻ അനുഭവങ്ങളിലേക്കുള്ള തുടക്കമായിത്തീരട്ടെ........

സിബി.കെ. ജോൺ

പ്രിൻസിപ്പിൾ

പെരുമ @ 1996 ഈ സ്കൂളിന്റെ ചരിത്രത്തിലെ ഒരു സുന്ദരനിമിഷമായി മാറുവാൻ സഹായിച്ച എന്റെ പ്രിയ കൂട്ടുകാർക്കും അദ്ധ്യാപകർക്കും ഞാൻ നന്ദി രേഖപ്പെടുത്തുന്നു.

സന്തോഷത്തിന്റെയും സൗഹാർദ്ദത്തിന്റെയും നിമിഷങ്ങൾ ഇനിയും പൂപോലെ വിരിയട്ടെ എന്നും ഞാൻ ആശംസിക്കുന്നു.

EDITOR

Risana.M

**PERUMA@1996** is a proud result of team work that enshrines and will always be embedded as the wings of our school. The word PERUMA means grandeur and we work our fullest to keep up with its name. **PERUMA** is not just a simple school magazine , it contains all our skills and emotions and memories that are worth preserved for years coming by. **PERUMA** has reached its heights and the sole responsibility and credit falls up on our beloved teachers,its their support that has motivated us throughout the journey. Our students also played a vital role in displaying their talents,so that we could showcase them. I hope it will be a great pleasure for all going through these pages of creativity and memories.

Chief Editor
Meghana.S

# EDITORIAL GROUP



പെരുമ @ 1996 എന്ന പേരിൽ പ്രസിദ്ധീകരിക്കുന്ന

ഈ കയ്യെഴുത്ത് മാസിക നമ്മുടെ കുട്ടികളുടെ
സർഗ്ഗാത്മകതയുടെ ആത്മാവിഷ്കാരമാരട്ടെ
എന്നും അനുവാചകർക്ക് ജീവിതയാത്രയിൽ
പാഥേയമാകട്ടെ എന്നും ആശംസിക്കുന്നു.
ഇതിന്റെ അണിയറയിൽ പ്രയത്നിച്ച എല്ലാ
കുരുന്നു പ്രതിഭകളെയും അവർക്ക് പ്രചോദ–
നമേകിയ ഗുരുക്കന്മാരേയും അഭിനന്ദിക്കുന്നു.

വർഗീസ്.പി.ടി
HSST ECONOMICS



വിദ്യാഭ്യാസം ഹൈടെക്ക് ആയിക്കൊ-
ണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ കുട്ടികളിൽ
കമ്പ്യൂട്ടർ മേഖലയിലുള്ള വിജ്ഞാനം വർദ്ധി-
പ്പിക്കാനായി രൂപീകരിച്ച ലിറ്റിൽ കൈറ്റ്സ്
ക്ലബിന്റെ പ്രവർത്തനവും അതിനോടനുബ-
ന്ധിച്ച് അവർ തയാറാക്കുന്ന "ഡിജിറ്റൽ
മാഗസിൻ പെരുമ@1996"എല്ലാ വിധ
ഭാവുകങ്ങളും നേരുന്നു.

സുനിത.എസ്
HST physical science



പെരുമ എന്ന പേരിൽ തയാറാ-
ക്കുന്ന ആദ്യത്തെ ഡിജിറ്റൽ മാഗസിനും
അതിനുവേണ്ടി പ്രവർത്തിച്ച എല്ലാ
വിദ്യാർത്ഥികൾക്കും എല്ലാ വിധ
ആശംസകളും നേരുന്നു.

ഇന്ദിര.ആർ
H S T Social science



പെരുമ@1996

ഇരുട്ടിന്റെ മറയിൽ നിന്നും അറിവിന്റെ,നന്മയിലൂടെ,
എന്നും പുഞ്ചിരി തൂവുന്ന വാടാപ്പൂപോലെ പ്രകാശം
ചൊരിയാൻ എന്നും നമ്മുടെ വിദ്യാലയവും,അതിലേക്ക്
കൈപിടിക്കാനുള്ള അദ്ധ്യാപകനും
ഇന്നത്തെ പൂമൊട്ടും,നാളയുടെ വാടാപൂവായ
കുരുന്നുകൾക്കും നന്മ മാത്രം വിധിച്ചേക്കാൻ
സർവ്വേശ്വരനോട് പ്രാർത്ഥിക്കുന്നു.

ANCY . C
HSA BIOLOGY



സ്കൂൾ മാകസിൻ 'പെരുമ @ 1996'മികച്ച ഒരുസൃഷ്ടി ആകട്ടെ

ഇതിൽ പ്രവർത്തിച്ച എല്ലാ പ്രിയപ്പെട്ട വിദ്യാത്ഥിവിദ്യാർത്ഥി

നികൾക്കും എല്ലാ വിധ അനുമോദനങ്ങൾ നേരുന്നു.

saji marcus

HSST CHEMISTRY



പ്രപഞ്ച പുഷ്പത്തിന്റെ നൈർമല്യ-
ത്തേക്കാൾ മനോഹരമായ മനസ്സിനുട-
മകളാണ് എന്റെ ഈ മക്കൾ.അതുകൊ-
ണ്ടു തന്നെ പെരുമ @ 1996 എന്ന ഈ
മാഗസിനുവേണ്ടി അവരെടുക്കുന്ന പ്രയ-
ത്നവും കാണാതെ വയ്യ.നിങ്ങളുടെ പ്രയ-
ത്നം സഫലമാകട്ടെ,പുറകിൽ പ്രവർ-
ത്തിച്ച എല്ലാവർക്കും അഭിനന്ദങ്ങൾ.

ശ്രുതി.എസ്
HSA HINDI



മാധ്യമങ്ങൾക്ക് ആധിപത്യമുള്ള ലോകത്താണ് നാം ഇന്ന് ജീവിക്കുന്നത്.
അവ മനുഷ്യസമൂഹത്തിനുമേൽ ചെലുത്തുന്ന സ്വാ-
ധീനം വളരെ വലുതാണ്.ചിന്തകളെയും ആവി-
ഷ്കാരത്തെയും വഴിതിരിച്ചു വിടുകയും,മാധ്യമ
പഠനം മുൻ കാലങ്ങളെക്കാൾ ഗൗരവമർഹി-
ക്കുന്ന വിഷയവുമാണ്.ഇവയെല്ലാം പരിഗണി-
ക്കുന്നതിനോടൊപ്പം യാതൊരു തെറ്റിദ്ധാരണ-
യ്ക്കും പഴുതില്ലാത്തവിധം വ്യക്തവും ശക്തവും
ശുദ്ധവുമായ രീതിയിൽ ഭാഷ കൈ കാര്യം
ചെയ്യുന്നതാവട്ടെ നമ്മുടെ മാധ്യമ ഭാഷ അതിന്
എല്ലാ വിധ ആശംസകളും നേരുന്നു.

ബിന്ദു.കെ.എസ്
HSST MALAYALAM



പ്രിയ കുട്ടികളെ

ഏതു രചനയ്ക്കും ഒരു താളമുണ്ട്  അത്

അഴകും മിഴിവും നൽക്കുന്നു. ഒരു പൂ-

മൊട്ടിന്റെ വികാസവിഭ്രമം,ഒരിക്ക-

ലും തെറ്റാത്ത താളക്രമം അതനുഭ-

വിക്കാൻ കഴിയുന്ന മാനസിനുമാത്ര-

മേ ഒരു കവിതയുടെ ഇതൾ വിരിയ-ലിന്റെ ചാരുതയുൾകൊള്ളാനാവൂ.

അലസനിമിഷങ്ങളുടെ രാസസ്വ-ഭവമാവരുത് നിങ്ങളുടെ രചനങ്ങൾ.

വാക്ക് വാക്കോടൊത്ത് നക്ഷത്രങ്ങ-

മൊന്നും കരിന്തിരിയാവാതെ നോ-ക്കുക.വേട്ടിയും തിരുത്തിയും

പലകുറിവേദനിച്ചും മുന്നേറുക-മുറുകെ

പിടിക്കുവാൻ കുറച്ചുമൂല്യങ്ങളും ഒപ്പം

ഉദാത്ത മാതൃകകളെക്കുറിച്ചുള്ള അവബോധവും ഉണ്ടാവട്ടെ.

Kanakamani
**H.SA malayalam**



പെരുമാട്ടിയുടെ പെരുമ ഡിജിറ്റലിലൂടെ

ലോകമറിയാൻ ആശംസിക്കുന്നു

PREETHA.C.V
HSST HISTORY



## SSLC BATCH-2017-18



# 100% വിജയം കൈവരിച്ച 2017-18 batch

# SCHOOL BUS

# INAUGRATION















“Congratulations“ to the students behind the digital magazine ’PERUMA’ from the bottom of my heart. This is a turning point in the history of our school

Hemalatha.P.K

HSST ZOOLOGy





Nandhana krishna


by
Swapna R...
9-B

# എന്റെ അമ്മ



അമ്മേ നിൻ സ്നേഹം
കൊതിക്കുന്ന നേരത്തെല്ലാം
കൺമുന്നിൽ എൻ അമ്മ
നിറഞ്ഞു നിൽക്കും
അമ്മയേ കാണാതെനമ്മനിറഞ്ഞൊരു
സ്നേഹവികാരം
അതിനൊരു മറുവാക്കാണെൻ അമ്മ
വിശപ്പിന്റെ വിറയലിനെയകറ്റുംപ്രത്യക്ഷ
ദൈവരൂപമാണെൻ അമ്മ....വിതുമ്പുന്ന നേരത്തും
ദൈവമായ് അമ്മയെൻ
മുൻപിൽ നിൽക്കും
അമ്മ
വിശപ്പിന്റെ വിറയലിനെയകറ്റുംപ്രത്യക്ഷ ദൈവരൂപമാണെൻ അമ്മ

സ്നേഹ.ബി
9.B

CULTURAL ACTIVITIES,........





# കളിക്കാംപഠിക്കാം




ഇന്നുമുതൽ പഠനം തുടങ്ങുകയല്ലേ?
കൂടെ കളിയും വേണം
ഓടിയും ചാടിയും കളിക്കാം
കൂട്ടുകാരോടൊത്തു കളിക്കാം
കുളത്തിൽ നീന്താം
സൈക്കിൾ ചവിട്ടാം
അപ്പോൾ ശരീരം വിയർക്കും
അങ്ങനെ ആരോഗ്യം ഉണ്ടാകും
അങ്ങനെ പഠനവും രസകരമാകും.

റംസീന.ഡി
8.A


Nandhana krishna

# കുഞ്ഞനുജത്തിയായ എന്റെ

# കൂട്ടുകാരി

പാവമാണല്ലോ എൻ
കുഞ്ഞ് കൂട്ടുകാരി
താൻ പോലുമറിയാതെ
തൻ വയറ്റിൽ
ചുമന്നു പെറ്റൊരു
ചോരകുഞ്ഞ് തൻ കൈയ്യിൽ

മുതിർന്നവർക്കുപോലും
വേദന സഹിക്കാൻ വയ്യെങ്കിൽ
എൻ കൂട്ടുകാരിയുടെ
വേദന എത്ര ?
ഈ ലോകം ക്ഷമിക്കുമോ?
എൻ കൂട്ടുകാരിക്ക് വേദന-
യുണ്ടാക്കിയ ദുഷ്ടനേ?
എൻ കൂട്ടുകാരിയുടെ

സങ്കടങ്ങൾ ആരറിയും?

എൻ കൂട്ടുകാരിയുടെ

വേദന ആരറിയും ?

ഇനി എനിക്ക് താങ്കളോട്
മാത്രമേ ചോദിക്കാനുള്ളൂ
നീയറിയുന്നില്ലേ ദൈവമേ?
ആരറിയുന്നില്ലെങ്കിലും
ഞാറിയുന്നുണ്ട്
എൻ കൂട്ടുകാരിയുടെ
സങ്കടങ്ങളും വേദനകളും..

സ്നേഹ.ബി 9.B

# കാത്തിരിപ്പ്




നദ്രയാം,ഞാൻ ഞെട്ടിതരിച്ചുപ്പോയി
എവിടെ നിന്നോ  പുലരിയുടെ സൂജന
ഉഷസ്സിന്റെ തീനാളം മേനിയിലൊട്ടാകെ
പടരുന്നു. എൻമനം കുളിരിടുന്നു.
പുലരിയുടെ തളിർനാമ്പ് സ്പർശിച്ചുപോകുന്നു.
ദിനവും ഒരോർമ്മയായ് കാത്തിരിപ്പായി.

അമ്മതൻ മാറോടു ചേർന്നുചായുന്നു.
ഞാൻ ആ സുഖം,എവിടേക്കു മാഞ്ഞുപോയ്,
എന്നെ തനിച്ചാക്കി എവിടേക്കുമാഞ്ഞുപ്പോയി,
എൻ ജീവരക്തമായ് അമ്മ,
അറിവിന്റെ നിറമാണമ്മ,കവിതയുടെ മധുരമാണമ്മ താരാട്ടുപാട്ടുമായ് അയൽവാസി തന്നുടെ മാറോടുചേർത്തുന്നു.ഓമൽകിടാവിനെആരറിയുന്നു എൻ വേദന ദിനവും ഒരോർമയാ-യ് കാത്തിരിപ്പായ്......

പ്രണിക.ആർ    10.A





Nandhana krishna

# എന്റെ വിദ്യാലയം



ഭൂമിയിലേക്ക് പിറന്നുവീണ
കാലം മുതൽ അച്ഛനമ്മമാരുടെ
സ്നേഹത്തിൽ,അവരുടെ തണലിൽ
വളർന്നകാലം
പിതാവിന്റെകരം പിടിച്ചാദ്യമായ്
വിദ്യാലയപടി ചവിട്ടിയ ദിനം
അക്ഷരങ്ങളും വാക്കുകളും എന്നെ
ഭയപ്പെടുത്തിയകാലം
സ്നേഹത്തോടെ എന്റെ ദുഖം തുടച്ച്,എന്നെ
ജീവിതത്തിലേക്ക് മുന്നേറാൻ പഠിപ്പിച്ച
അദ്ധ്യാപകർ എന്റെ ദുഖത്തിലും സന്തോഷത്തിലും എന്നെ
ചിരിപ്പിക്കാൻ
പഠിപ്പിച്ച സൗഹൃദങ്ങൾ
അവിസ്മരണീയം അത്ഭുതം!

അഞ്ജന.എ 10.A

# LITTLE KITES UNIT



# അമ്മയുടെ മുത്ത്



അമ്മതൻ വാത്സല്യം കിട്ടുമ്പോൾ കുഞ്ഞതിൽ
താനെ മയങ്ങീടുന്നു
കാലൊച്ച കേട്ടാലും കൈയ്യൊച്ച കേട്ടാലും
അമ്മ ഉണർന്ന് കൊഞ്ചലാണ്
കൈവളരുന്നതും കാൽവളരുന്നതും
നോക്കി അമ്മ ഇരിപ്പാണ്
കുഞ്ഞൊരുനേരം തേങ്ങിയാലോ അമ്മതൻ
നെഞ്ചിൽ തീയാണ്
കുഞ്ഞതിൻ ചിരിനാളം കേൾക്കുമ്പോൾ
വീടൊരു സ്വർഗ്ഗമായ് തീർന്നീടുന്നു
പിച്ചവച്ചു നടക്കും നേരം അമ്മതൻ സാരി തുമ്പിലാണ് അമ്മയുടെ
പൊന്നുമുത്താണ്
വീടിൻ ഐശ്വര്യം കുഞ്ഞാണ്
രാത്രിയിൽ ഉറക്കമില്ലാതെ അമ്മയിരിപ്പാണ്
കുഞ്ഞിനെ നോക്കി ഇരിപ്പാണ്
കുഞ്ഞിനു കളിക്കാൻ എന്തെല്ലാം പാവകൾ
പീപ്പികൾ അങ്ങനെ എന്തെല്ലാം ....

സനുജ.എസ് 9.B

# വാ വാ മയിലെ



വാ വാ മയിലെ തേൻ മയിലെ
കളരികൾ ഉള്ളൊരു നാട്ടിൽ നീ
കവിതകൾ പാടി നടന്നീടാം
കാട്ടിലെ കാഴ്ച്ചകൾ കണ്ടീടാം

കഥകളി ഉള്ളൊരു നാട്ടിൽ നാം
കഥകൾ പറഞ്ഞു രസിച്ചീടാം
പ്രകൃതിയിൻ സൗന്ദര്യം കണ്ടീടാം
പ്രകൃതിയെ അമ്മയായ് കണ്ടീടാം

മാതൃത്വത്തിൻ സ്നേഹത്തെ
നാം അമ്മയിൽ നിന്നും പകർന്നീടാം
അമ്മയിൻ സ്നേഹം അറിഞ്ഞീടാം
അമ്മയ്ക്കായ് ജീവൻ ത്യജിച്ചീടാം

നൗഫിയ ബാനു.എ

9.A

# പ്രകൃതി



പ്രകൃതിയുടെ തീരങ്ങൾ അറിയാതെ
തേങ്ങുന്ന മഴത്തുള്ളികളോട്
വിടപറയുകയായി
നിമിഷാന്തരങ്ങളിൽ അറിയാതെ തേങ്ങുന്ന
പുൽച്ചെടികളോടും വിടപറയുകയായി
നീയും ഞാനും അകലുന്ന നാളുകൾ
ചെടിയുടെ മൗനം ഇന്നറിയും
പ്രകൃതിയുടെ തീരങ്ങൾ അറിയാതെ
തേങ്ങുന്ന മഴത്തുള്ളികൾ വിടപറയുകയായി

നന്ദന കൃഷ്ണൻ.കെ

9.A

# <u>ഗ്രാമത്തിന്റെ നന്മ</u>

ഗ്രാമമാം നമ്മുടെ സ്വർഗ്ഗരാജ്യം
നമ്മെ താലോലിക്കുന്ന അമ്മ ഗ്രാമം
കളവുമില്ല ചതിയുമില്ല
നന്മ നിറഞ്ഞൊരു ദേവലോകം
പൂക്കളും പുഴക്കളും
സ്നേഹമായ് വാഴുന്ന
കുഞ്ഞ് ഗ്രാമം
കവിയുന്ന പുഴകളിൽ



തുള്ളികളിക്കുന്ന ജീവജാലങ്ങൾ,
ദൈവത്തിൻ സ്നേഹം മാത്രം
കവിഞ്ഞൊഴുകുന്നതാണെന്റെ ഗ്രാമം
പൂക്കളും ജീവജാലങ്ങളും
സന്തോഷത്തോടെ കഴിയുന്നതാണെന്റെ
ഗ്രാമം....
സങ്കടങ്ങളില്ലാത്തതാണെന്റെ കുഞ്ഞ്
ഗ്രാമം....

ദൈവത്തിൻ കുഞ്ഞുങ്ങൾ പാർക്കുന്നതാ
ണെന്റെ കുഞ്ഞ് ഗ്രാമം
നന്മ നിറഞ്ഞതാണെന്റെ ഗ്രാമം
സന്തോഷമുള്ളൊരു പൊന്ന് ഗ്രാമം....

സ്നേഹ.ബി

9.B

# പ്രളയം



മഴ തുള്ളികൾ ഭൂമിയിൽ പതിക്കവേ
ഞാൻ സന്തോഷിച്ചുപ്പോയി
എന്തെന്നോ?ഇത്രനാൾ സഹിച്ചൊ-
രാച്ചൂടിനെ ശമിപ്പിക്കുവാൻ
വന്നതാണെന്നു കരുതി എന്നൽ,
മഴ ശക്തമായി പെയ്യുകയും
കൊടുങ്കാറ്റ് വീശുകയും ചെയ്തു
പേമാരിയായി മാറുന്നിതാ.
പക്ഷിമൃഗാതികളേയും മനുഷ്യരെയും
കൊന്നൊടുക്കി അനവധി നാശന-
ഷ്ടങ്ങളുണ്ടാക്കി തന്നൊരീ പ്രളയം
നദികളും പുഴകളും കുത്തിയൊലിച്ച്
കരകവിഞ്ഞൊഴുകുന്നിതാ
കാടും മലയും പുഴയും നിറഞ്ഞു-
നിൽക്കുന്ന ഈ മഹാകേരളത്തെ
തന്നെ വിഴുങ്ങിയൊരു അത്ഭുത
പ്രളയം.......

മേഘന.എസ് 9.B

# ഗ്രാമത്തിന്റെ സ്നേഹസമ്പന്നമായ നന്മ.....

ഗ്രാമത്തിന്റെ ജനങ്ങളുടെ നന്മ
അമ്മയാം ഗ്രാമത്തിന്റെ നന്മ
സുന്ദരമായ ലോകത്തിലേ സ്വർഗ്ഗമായ ഗ്രാമം
കുഞ്ഞങ്ങളാം ശ്രേയസ്സിൽ കവിഞ്ഞ നമ്മുടെ
ഗ്രാമം.....

ഗ്രാമം തൻ നന്മ
ഗ്രാമത്തിലാഴ്ന്ന നന്മ
സ്വപ്നത്തിൽ കവിയുന്ന കുഞ്ഞുങ്ങളാം ഐശ്വര്യം
സന്തോഷത്തിന്റെ പൂത്തിരിയായ നന്മയുടെ ഗ്രാമം
പൂക്കളും പൂമ്പാറ്റകളും നിറഞ്ഞ നമ്മുടെ ഗ്രാമം
ഉത്സവം കൊണ്ടും സമാധാനം കൊണ്ടും നിറഞ്ഞ
നന്മയാം ഗ്രാമം
പച്ചപ്പിന്റെ  നാടായ നമ്മുടെ ഗ്രാമം
ശബ്ദമാം ഗ്രാമത്തിൽ
പുഴയുടെ ശബ്ദവും
കിളിയുടെ പാട്ടും
നിറഞ്ഞു നിൽക്കും സ്നേഹത്തിൻ ഗ്രാമം
നമ്മുടെ ഗ്രാമം നാം സംരക്ഷിക്കണം
നന്മയുടെ ഗ്രാമത്തെ നാം സൂക്ഷിക്കണം
ജീവിതത്തിന്റെ പൊൻവിളിയായ നന്മയുടെ
സുന്ദരമായ ഗ്രാമം.....

aswani.....9.a

# कौवा और मेर

एक बार की बात है , ककसी जंगल में एक कौवा रहता था . वो बहुत ही खुश था I क्ोंकक उसकी ज़्यादा इच्छाएँ नहीं थी। वह अपनी कजन्दगी स संतुष्ट था। लेकककन एक बार उसने जंगल में ककसी हं स को दे ख कलया और उसे दे खते ही सोचने लगा कक ये प्राणी ककतना सुन्दर है , ऐसा प्राणी तो मैंने पहले कभी नहीं दे खा ।इतना साफ और सफेद। यह तो इस जंगल से बहुत सफेद और सुन्दर है , इसकलए यह तो बहुत खुश रहता होगा।

कौवा हं स के पास गया और पूछा भाई तुम इतने सुंदर हो , इसकलए तुम बहुत खुश होंगे ?

इस पर हं स ने जवाब कदया , हाँ मैं पहले बहुत खुश रहता था। जब तक मैंने तोते को नहीं दे खा था। उसे दे खने के बाद से लगता है कक तोता धरती का सबसे सुंदर प्राणी है । हम दोनों के शरीर का तो एक ही रं ग है । लेकककन तोते के शरीर पर दो दो रं ग है . उसके गले में लाल रं ग का पेरा और वो सुखख हरे रं ग का था , सच में वो बेहद खुबसूरत था।अब कौवे ने सोचा कक हं स तो तोते को सबसे सुन्दर बता रहा है , तो कफर
उस
दे खना होगा। इस पर तोते ने कहा , हाँ मैं तब तक खुश था जब तक मैंने मोर को नहीं दे खा था । मेरे पास तो दो ही रं ग है ।

अब कौवे ने सोचा सबसे ज्यादा खुश कौन है , यह तो मैं पता करके ही रहँ गा । इसकलए अब मोर से कमलना ही पडे गा I कौए ने मोर को जंगल म
ढू ँ ढा , लेकककन उसे पूरे जंगल में एक भी मोर नहीं कमला और मोर को ढू ँ ढत
-

ढू ँढते वह कचकडयाघर में पहँ च गया। तो दे खा मोर को दे खने बहुत से लोग आए हुए हैं और उसके आसपास अच्छी खासी भीड है ।
सब लोगों के जाने के बाद कौवे ने मोर से पूछा कक भाई तुम दु कनया के सबसे सुन्दर प्राणी हो और रं ग कबरं गी हो , तुम्हारे साथ लोग फोटो खींचता रहे थे। तुम्हें तो बहुत अच्छा लगता होगा और तुम तो दु कनया के सबसे खुश जीव होंगे ?
इस पर मोर ने दु खी होते हुए कहा भाई अगर सुन्दर हँ तो भी क्ा फकख पडता है । मुझे लोग इस कचकडयाघर में कैद करके रखते है , लेककन तुम्हें तो कोई कचकडयाघर में कैद करके नहीं रखता और तुम जहाँ चाहो अपनी मजी से घू म -कफर सकते हो । इसकलए दु कनया के सबसे संतुष्ट और खुश जीव तो तुम्हीं होना चाकहए , क्ोंकक तुम आजाद रहते हो।
कौवा है रान रह गया , क्ोंकक उसके जीवन की अहकमयत कोई दू सरा बता गया।

SUJITH.S.KUMAR
10.B

## പ്രളയം ദുരന്തം

മാന്യരെ,

ഇക്കഴിഞ്ഞ നാളുകളിൽ കേരളം ഇതുവരെ കണ്ടിട്ടുള്ളതിൽ വച്ച് വൻദുരന്തമാണ് നേരിട്ടത്.ഈ പ്രളയത്തിൽ വൻ നാശനഷ്ടങ്ങളാണ്. കേരളത്തിന് അഭിമുഖീകരിക്കേണ്ടിവന്നത്.
കേരളത്തെ ബാധിച്ച ഈ ദുരന്തത്തെ
കേരളജനത നേരിട്ടത് ഒറ്റകെട്ടായാണ്.
ഇതുവരെ ജാതി,മത,വർഗ്ഗ,ലിംഗ വേർതിരിവോടെയാണ് കേരളജനത
കഴിഞ്ഞിരുന്നത്.എന്നാൽ,പ്രളയദുരന്തം
അതിൽ നിന്ന് വ്യത്യസ്തമായി ചിന്തിക്കാൻ ജനങ്ങളെ് പ്രേരിപ്പിച്ചു.
കേരളജനതയുടെ ഒത്തൊരുമയോടെയു-
ള്ള പ്രവർത്തനണാണ് വളരെ പെട്ടെന്ന്
കേരളത്തിന് ഈ ദുരന്തത്തിൽ നിന്ന്
രക്ഷപ്പെടാൻ സാധിച്ചത്.

പ്രളയദുരന്തത്തിൽ നിന്ന് മോചനം നേടാൻ കേരളത്തെ
മുഖ്യമായുംസഹായിച്ചത്
വികസേന,കരസേന,മത്സ്യതൊഴിലാളികളുമാണ്.
ഇതിൽ നിന്ന്പ്രധാനമായും എടുത്തു

പറയേണ്ടത് മത്സ്യതൊഴിലാളികളുടെ

പ്രവർത്തനമ്ണ്.

മുഖ്യമന്ത്രിയുടെ ദുരിതശ്വാസ ക്യാമ്പിലേക്ക് വന്നുകൊണ്ടിരുന്ന തുകയാണ് ജനങ്ങളുടെ നാശനഷ്ടത്തിന്

ഒരു പരുതിവരെ സഹായകമായത്.

നന്ദി,നമസ്കാരം

നവ്യ.വി 9.A

## അമൃതപ്രീതം

## ആസ്വാദനക്കുറിപ്പ്

1919-ൽ പഞ്ചാബിലെ ഗുജറാൻ
വാലയിലാണ് അമൃത ജനിച്ചത്.
പഞ്ചാബിസാഹിത്യത്തിലെ ശ്രദ്ധേ-
യമായ എഴുത്തുകാരിയാണ് അമൃത-
പീതം ഇദ്ദേഹം കവിത,കഥ,നോ-
വൽ,ജീവചരിത്രം തുടങ്ങിയവ
അനേകം രചനകൾ രചിച്ചിട്ടുണ്ട്.
ഇദ്ദേഹത്തിന് ചെറുപ്പകാലത്തു തന്നെ കൂടുതൽ ഉത്തരവാദിത്വങ്ങൾ
ഏറ്റെടുക്കേണ്ടി വന്നു.16-ാം വയസ്സി-
ലാണ് ഇദ്ദേഹം ആദ്യകവിതാസമാ-
ഹാരം അമൃത് ലഹരേം പ്രസിദ്ധീക-
രിക്കപ്പെട്ടുന്നത്.

ഇന്ത്യ-പാക്ക് വിഭജന-
ത്തിൽ ഇവർ 28-ാം വയസ്സിൽ ലാ-
ഹോർ ഉപേക്ഷിക്കേണ്ടി വന്നു.ഈ

സമയത്ത് ആജ ആവാൻ വാരിഡ്
ഷാന എന്ന കവിത വിഭനകാലത്ത് ഒരു അനുസ്മരണകുറിപ്പായാണ് അറിയപ്പെട്ടിരുന്നത്.

1969-ൽ പത്മശ്രീയും പിന്നീട് പത്മവിഭൂഷണവും ലഭിച്ചിട്ടുണ്ട്.കൂടാതെ തന്നെ സാഹിത്യ അക്കാദമി ഫെലോഷിപ്പും അവർക്ക് ലഭിച്ചിട്ടുണ്ട്.

സജീന.ജെ

8.A

# <u>സ്നേഹബന്ധം</u>

ഒരു ദിവസം ഒരു കുട്ടി റോടിലൂടെ നടന്നു പോവുകയായിരുന്നു. അപ്പോഴാണ് ആ കുട്ടി അതിസങ്കടകരമായ ഒരു കാഴ്ച്ച കണ്ടുന്നത്. റോടിനരികത്ത് ഒരു പട്ടികുട്ടി പരുക്കുപറ്റി കിടക്കുന്നത്.ആ സമയം തന്നെ ആ കുട്ടി ആ പട്ടികുട്ടിയെ ആ കിട്ടിയുടെ വീട്ടിലേക്ക് എടിത്തിട്ടുപ്പോയി.

എന്നിട്ട് ആ പട്ടികുട്ടിയുടെ

മുറിവുകളെലാം തന്നെ മാറ്റി.ആ പട്ടികുട്ടിയെ ആ കുട്ടി തന്നെ വളർത്തി.

# <u>സാക്ഷി</u>

അവരെ കാണാൻ തുടങ്ങിയപ്പോഴേ അദ്ദേഹത്തിന് തോന്നി,

ദേശാടകയാണ്.

ഇവിടത്തുകാരിയല്ല.
മുഖത്തെ ജോലിയും ക്ഷമാശീലവുമാണ് അയാളെ ക്ഷോഭിപ്പിച്ചത്
ഇതുവരെ അനാസ്ഥയിലാണോ

ഈ ഓഫീസ് .ശിപായിയെ

വിളിച്ചു.

"കുറേ ദിവസമായലോ ആ

യുവതി തിണ്ണയിലിരിക്കാൻ തുടങ്ങിയിട്ട്. ആരും കാണുന്നില്ലേ?
അവരോട്

വരാൻ പറയൂ."

അവർ വന്നു.

"5,6 ദിവസമായി ഈ തിണ്ണയിലിരിക്കാൻ തുടങ്ങിയിട്ട്. എന്താ

വിശേഷം?" "അബലത്തിലാണ് കെട്ട് നടന്നത്."ജാംനഗറിലിണ്

പേരു പറഞ്ഞത്.

എൻെറ പേര് ഉമ.

ഭർത്താവിൻെറ പേര് പരമേശ്ശോരൻ. സാറ് ഒരു
സംസ്കൃത പോസ്റ്റർ ചൊലി

"ഇന്നുവരെ ലോകം കണ്ട
ഏറ്റവും ഐഡിയല്
കപ്പിളുകള് എന്നാണു
പറഞ്ഞത്."
അപ്പോഴും അയാള് അതു
തന്നെ ഓർത്തു-പരമേശ്വരന്റെ തപസ്സ്?
ഉമാമുഖം കണ്ണുകളാല്
നുകർന്ന്. ഏതാണു ചൊലിയ സംസ്കൃത
പോസ്റ്റർ എന്ന് ഓർമ്മ വരുന്നില്ല.
പക്ഷേ, അന്നത്തെ ചിരിക്കുടുക്കയായ ഉമ ഇന്നിങ്ങനെ
ഒരവസ്ഥയിലെത്തി!
ഒരു സിറിഞ്ച് വച്ചു വലിച്ചെടുത്തതുപ്പോലെ
അവർ ഇണങ്ങിയിരുന്നു.
തുണികള്പോലും ഓജസ്സറ്റിരിക്കുന്നു.
വൈധവിയത്തിന്റെ
വിളർച്ച?
ഞാൻ സർട്ടിഫിക്കറ്റ് തയാറാക്കിവച്ചിരുന്നലോ.
രാവിലെ വന്നു വാങ്ങാമെന്നു പറഞ്ഞു....

# രണ്ട് ടാക്സിക്കാർ

1957-1958 കാലങ്ങളിൽ ഞാൻ
ബോംബെയിലായിരുന്നു.കണ്ണു
കാണാൻ കഴിയാത്ത കോളേജ്
വിദ്യാർഥികൾക്ക് പുസ്തകങ്ങൾ
വായിച്ചുകൊടുക്കുക,അവരെ തിയേറ്ററിൽ കൊണ്ടുപോവുക,
വിനോദസഞ്ചാരത്തിന് കൊണ്ടു
പോവുക,ശാരീരികവും മാനസികവുമായ കോട്ടങ്ങൾ
തീർത്തുകൊടുക്കുക-ഇങ്ങനെയു
ള്ള സേവനങ്ങളാണ്അന്ന് ചെയ്തിരുന്നത്
അതോടൊപ്പം ടാറ്റാ റിസർച്ച
ഇൻസ്റ്റിറ്റ്യൂറ്റ് ഫോർ സോഷ്യൽ
സയൻസിൽ പി.എച്ച്.ഡി.ക്കാ-യി ഞാൻ ഗവേഷണപഠനം
നടത്തുന്നുമുണ്ടായിരുന്നു.അതിനു
വേണ്ടി ദിവസവും ദാദറിൽ നിന്നോ മഹാലക്ഷ്മിയിൽ നിന്നോ
ചെമ്പൂരിലേക്ക് ബസ്
കയറിപ്പോകുമായിരുന്നു.ചില-
പ്പോഴെല്ലാം ഞാൻ വിദ്യാർത്ഥി-
സുഹൃത്തുക്കളെയും കൂടെ കൂട്ടും.

അതിലൊരാളായിരുന്നു

ദാമോദർ ഗാവ്യങ്കർ.ദാമോദർ

എൽഫെൻസ്റ്റൺ കോളേജിൽ

ഫിലോസഫി എം.എ.യ്ക്കു പഠിക്കുകയാണ്.ദാമോദറിന് വെസ്റ്റേൺ

ഫിലോസഫി പഠി-

ക്കേണ്ടിയിരുന്നു.പരീക്ഷ അടുത്ത സമയമായതുകൊണ്ട്

എന്നെ വിട്ടുപിരിയാതെ കൂടിയി-

രിക്കുകയാണ്.ദാമോദറിന്റെ

അച്ഛനൊരു മില്ലുടമയാണ്.

അതുകൊണ്ട് കൈയിൽ ധാരാ-ളം പണമുണ്ട്.ഒരു ദിവസം

ചെമ്പൂരേക്കുള്ള യാത്രയ്ക്ക് ഞാൻ

ഒരുങ്ങിനിൽക്കുമ്പോൾ ദമോദർ

പറഞ്ഞു: "ഇന്ന് നമുക്ക് ടാക്സിയിൽ പോകാം.ബസ് കാത്ത് നിന്ന്

സമയം കളയണ്ട".

# അമ്മ

ഗർഭപാത്രത്തിൽ നിന്ന് എന്നെ,

എടുത്തുകിടത്തിയത് എൻ അമ്മയുടെ മാറിൽ...!

മുലപ്പാലിൻ ഗന്ധം ഞാൻ അന്നറിഞ്ഞു....!

അമ്മയെന്ന പദത്തിനർഥം സ്നേഹമാണെന്ന്

ഞാൻ അന്ന് തിരിച്ചറിഞ്ഞു...!

എൻ അമ്മയുടെ കരങ്ങളിൽ തൂങ്ങിനടന്ന്

എത്രയോ ദൂരം കടന്നു ഞാൻ...

ഇന്ന് അമ്മയെ വൃദ്ധസദനത്തിന്റെ

ജനലഴികളിലേക്ക് തള്ളുന്നു ചിലർ ആ

അമ്മയ്ക്ക് സ്നേഹം നിഷേധിക്കപ്പെടുന്നുവല്ലോ?

കാരാഗൃഹത്തിന്റെ കൂരിരുട്ടിൽപ്പെട്ട് ആ,

അമ്മയ്ക്ക് കാഴ്ച നഷ്ടപ്പെടുന്നു.

ആ മക്കൾ ഓർക്കുന്നില്ല....

അവർക്ക് ഈ വിധി വിദൂരമല്ലെന്ന്....!


അഭിജിത്ത്-വി

9.A

# കവിതയോട്

എന്തിന താമസിപ്പതംബികേ,നിന്നുണ്ണിയാ-
മെൻ മുന്നിലണയുവാ?നെങ്ങു നീ മറഞ്ഞിതോ?
എത്രനാളമ്മേ,നിന്നെത്തിരഞ്ഞുംകൊണ്ടീവിധം
ഹ്യത്തടം കരിഞ്ഞു ഞാൻ കേണുകേണലയേണ്ടൂ?

പൂർവാശയാറ്റുനോറ്റു സമ്പാദിച്ചൊരു തങ്ക-
പ്പൂങ്കുമാരനെയങ്ങു പൊൽച്ചാറിൽ മുക്കി മുക്കി
നീരാട്ടി മടിത്തട്ടിൽക്കിടത്തിത്താലോലിക്കും-
നേരത്തു നിന്നെത്തേടിയങ്ങു ഞാൻ നടക്കവേ
ആ മണിമുറ്റത്തു നിൻ സ്മിത്തുവൊളിയെന്യേ
യാതൊന്നും കണ്ടീടാതെ മടങ്ങീ നിരാശനായ്
പശ്ചിമതടാകത്തിലിറങ്ങി സ്നാനം ചെയ്തു
പൊൽച്ചെമ്പട്ടുടുത്തർക്കദീപവും കൈയിലേന്തി
പ്രാർഥനയ്ക്കായിച്ചെല്ലും സന്ധ്യയാം പെൺകൊടിതൻ
പൂവനത്തിലുമമ്മേ,നിന്നെ ഞാൻ തിരഞ്ഞിതേ.
താവകപ്പൂഞ്ചേലതൻ സൗവർണരുചിയല്ലാ-
താവഴിക്കൊന്നും കണ്ടീലാഹന്ത!ദൗർഭാഗ്യമേ
സാധുവാം കൃഷകനു നൽകുവാൻപ്രകൃത്യംബ

സാമോദം സംഭരിച്ച രത്നങ്ങൾ നിറച്ചതാം
ഇരുമ്പുപെട്ടികളും പത്തായങ്ങളുമേറ്റം
നിറച്ചുവച്ചീടിനെ വിൺതട്ടിൽമുകളിലും
ഞാനണഞ്ഞെങ്ങും തേടി,
വാർമഴവില്ലാകും നിൻ
മാണിക്യമാലയും പൊൻമിന്നൽക്കാഞ്ചിയും കണ്ടേൻ.

സുപ്രഭാതത്തിങ്കലെക്കോകിലഗാനങ്ങളിൽ
കേൾപ്പൂ ഞാൻ നിൻ താരാട്ടിൻതേനൊലിസ്സംഗീതങ്ങൾ
ത്വൽക്കരമൃദുഘോഷം മാറ്റൊലിക്കൊള്ളുന്നിതേ
നൽക്കുളിർപ്പൂഞ്ചോലതൻ ലോലകല്ലോലങ്ങളിൽ;
നിൻപാദപത്മത്തിന്റെ പാടുകൾ കണ്ടീടുന്നു
ചെമ്പനീർപ്പുഷ്പങ്ങളിൽ സുന്ദരം സമ്മോഹനം;
എന്നാലുമമ്മേ,നിന്നെക്കണ്ടീല;നിന്നെങ്ങാവോ!
നിന്നുണ്ണിയായോരെന്നെക്കൈവിട്ടു മറകയോ?

നവ്യ-വി 9.A

# Another chance

How often we wish for another chance
To make a fresh beginning.
A chance to blot out our our mistakes
And chance failure into winning

It does not take a new day
To make a brand new start,
It only takes a deep desire
To try with all our heart.

To live a little better
And to always be forgiving
And to add a little sunshine
To the world in which we're living.

So never give up in despair
And think that you are through,
For there's always a tomorrow
and the hope of starting new.

Aswani.s
9.A

## NEWTON'S LAW

I was inattentive in science class one daywhen the teacher at random looked way
I didn't look up,I wouldn't dare
There's no escaping that intense glare.

Asked  me to explain to the class
newton's law of gravity and mass
my mind was a blank, heartbeats louder
for an answer I started to flounder.

Ananya.c
9.A

മഴയും ഞാനും



ഭൂമിക്കു തണലേകാനായി

വന്നെത്തും മഴയെ.

അശ്രുപൊഴിയിക്കുന്നു ഞാൻ

നിന്റെ ഈ കാപട്യത്താൽ.

മഴവില്ലിൽ ചലിക്കുമി മഴയെ

ഞാൻ നിന്നെ ഭൂമിയിൽ വരവേൽക്കുന്നു.

നിൻ നിഷ്കളങ്കമായ ഈ നിർവൃ-

ത്തിയിൽ സങ്കടങ്ങൾ പൊഴിയിക്കൂ.

അതു ഭൂമിയിൽ കമിഞ്ഞൊഴുകട്ടെ!

അക്ഷയ.എസ്

8.A

## ഗ്രാമം

നമ്മുടെ ഗ്രാമം എത്ര സുന്ദരമാണ്.
അതിലെ ഓരോ ചെറിയ കുടിലുകൾ കാണാൻ
എന്തു രസമാണ്.എല്ലാ വീടുകളും ഒരുപ്പോലെ
ഓലമേഞ്ഞ വീടുകളായിരിക്കും.വീടുകളിനു-
മുൻപിൽ പുഴ ഒഴുകുന്നു.വീടിനു മുൻപിലായി
ചിഞ്ചാടുന്ന തെങ്ങുകൾ.മരങ്ങളിൽ നിന്നും
അതിമനോഹരമായ കിളികളുടെ മധുരഗാനം.
കിളികളുടെ കല പില ശബ്ദം.എന്തു മനോഹ-
രമായ അനുഭവമാണ് ഓരോ ഗ്രാമത്തിലേയും
കാഴ്ചകൾ.ഗ്രമത്തിൽ ജീവിക്കുന്നവർ ശരിക്കും
ഭാഗ്യം ചെയ്തവരാണ്.ഗ്രാമത്തിലെ ആ ഓലമേ-ഞ്ഞ കുടിലിൽ
താമസിക്കുന്ന അത്രയിം സുഖം
വേരെ എവിടേയും കിട്ടില്ല.രാവിലത്തെ മഞ്ഞും
തണുപ്പും ഇടയ്ക്കിടെ എത്തിനോക്കുന്ന മേഘങ്ങ
ളും മേഘങ്ങൾക്കിടയിൽ ഒളിഞ്ഞു നിൽക്കുന്ന
സൂര്യനും എന്തു മനേഹരമാണ്.അതുപ്പോലെ
തന്നെ രാത്രിയിലും ഇതുപ്പോലെ തന്നെ തണുത്ത കാറ്റും ആകാശത്ത്
നമ്മളെ
നോക്കി ചിരിക്കുന്ന അമ്പിളിമാമനും.നമ്മളെ

നോക്കി കണ്ണുചിമ്മുന്ന നക്ഷത്രങ്ങളും രാത്രി-
യിൽ പാറികളിക്കുന്ന മിന്നാമിനുങ്ങും.ഇതെ-
ല്ലാം ഗ്രാമങ്ങളിൽ ഓരോ ചെറിയ ചേർന്നു
നിൽക്കുന്ന കുടിലുകളിൽ നിന്നു നോക്കുമ്പോൾ
എന്തു രസമാണ്.

സനുജ.എസ്

9.B

# HAPPY'S AND FEELING'S

Twinkilng stars are midnight sun
birds are go to house.
Our stars are very nice.
Black is the night of stars are white.
night is one of garden of our earth
and the stars in one of my flowers
of my garden in our eyes.
The stars in the mid point of
the moon is my garden in
big flower of my sky.
The rose is very beauty and
my garden is very pritty.
White is the light of night of
my garden is the stars is very bright.
The sun is waked on the morning light,
my star garden is slowlg magically to move.
The earth is brightned in the morning
smile face-and my poem is clue of

Happies and feelings of more to nothing
to our life
and so happy and feeling is
night and morning this is also
happy message of another life.

Vismaya
10.A

# ഞാൻ കളക്ടറായ കഥ;

കഥ:പണ്ട് ജപ്പാൻ ഒരു യുദ്ധകലമായിരുന്നു.

അവിടെ ഹ്വാങ്-സാ എന്ന ഒരു ചെറിയ ഗ്രാമം

ഉണ്ടായിരുന്നു.അവിടത്തെ മനുഷ്യ-

ജീവിതം വളരെ കഷ്ടപ്പാട് നിറഞ്ഞതായി-

രുന്നു.അയൽ രാജ്യവുമായും യുദ്ധം ഉണ്ടായിരു-

ന്നു.അവിടത്തെ കുട്ടികൾ ഭക്ഷമണമില്ലാതെ

അലഞ്ഞുനടക്കുന്നുമുണ്ടായിരുന്നു.ഒരു തുള്ളി

വെള്ളത്തിനായി മനുഷ്യർ അലയുന്നു.ആ ഗ്രാമ

ത്തിലെ രാജാവായിരുന്ന ഭെടക് മ്യൂത്തോ എന്ന വ്യക്തി.അദ്ദേഹം
വളരെ കഷ്ടതയേറിയ

രാജാവായിരുന്നു.അന്നങ്ങനെ കഴിയുന്ന ആ

ഗ്രാമത്തിൽ പഠിക്കണമെന്ന ഒരറ്റ ആഗ്രഹവു-
മായി നടന്ന ഒരു കുട്ടിയായിരുന്നു നാലുവയസ്സു

കാരിയായ ശിൻസോ എന്ന കുട്ടി.ആ കുട്ടിയുടെ
അമ്മ തളർന്നു കിടക്കുന്ന ഒരു അമ്മയായിരുന്നു

അവളുടെ എല്ലാ കാര്യങ്ങളും നോക്കി നടത്തി-

യിരുന്നത് അമ്മയായിരുന്നു.അവൾക്ക് അമ്മ

മാത്രമായിരുന്നു വെളിച്ചം.യുദ്ധത്തിന്റെ കാണാ
മറയത്ത് അവളുടെ അമ്മയും മാഞ്ഞുപ്പോയി.
അന്നുമുതൽ അവൾ തനിച്ചുപ്പോരാടുകയായി-
രുന്നു.യുദ്ധത്തിന്റെ ഓരോ നിമിഷവും അവളുടെ
വാശിയായിരുന്നു പഠനം.പഠനത്തിനായി അവൾ ജപ്പാനിൽ
അലഞ്ഞുനടന്നു.അവിടെ
ഒരു വൃദ്ധൻ തന്റെ മക്കൾ ഒഴിവാക്കിയ ദു:ഖ-
ത്തിൽ കഴിയുകയായിരുന്നു.അദ്ദേഹത്തെ
അവൾ കാണാൻ ഇടയാവുകയും അവൾക്കു-
വേണ്ടി അദ്ദേഹം പഠനത്തിനുള്ള സൗകര്യ-
ങ്ങൾ നടത്തികൊടുക്കുകയും അവൾ നല്ല
രീതിയിൽ പഠിച്ച് പഠനത്തിൽ മികവുനേടു-
കയും പിന്നീട് സ്വിറ്റ്സർലാന്റിലെ ഒരു കളക്ട-
റായി നിയമിക്കുകയും ചെയ്തു.ഒരു കുട്ടിക്ക് കഴി-
യാത്തതായി ഒന്നുമില്ല എന്നതിനെ വ്യക്ത-
മാക്കുന്ന കഥയാണിത്.

അക്ഷയ.എസ്
8 A

# പരിസരം വൃത്തിയാക്കുക

പരിസരം വൃത്തിയാക്കിയാൽ എന്താണ ഗുണം?
നമ്മുക്ക് ആരോഗ്യവും സന്തോഷവും കിട്ടും.
അപ്പോൾ
പരിസരം വൃത്തിയാക്കണം
വീടും വിദ്യാലയവും നാടും
നടവഴിയും വൃത്തിയാക്കണം

റംസീന.ഡി
8.A

# Solitude

Laugh,and the world laughs with you:
weep,and you weep alone.
For the sad old earth must borrow its mirth,
But has trouble enough of its own.
Sing,and the hills will answer:
sing,it is lost on the a joyful sound,
the echoes bound to a joyful sound,
But shrink from voicing care.

Rejoice,and men will seek you;
Grieve,and they turn and go.
They want full measure of all your pleasure,
But they do not need your woe.
Be glad and your friends are many,
Be sad,and you lose them all.
There are none to decline your nectared wine,
But alone you must drink your life's gall.

Feast,and your halls are crowded;
Fast,and the world goes by.
Succeed and give,and it helps you live,
But no man can help you die.
There is room in the halls of pleasure
For a long and loudly train.
But one by one we must all file on
Through the narrow aisles of pain.

Akiljith.R
9.A

# അമ്മ വീട്

എന്റെ അമ്മൂമയുടെ വീട് എനിക്ക് വലിയ ഇഷ്ടമാണ്. അവിടെ ഇരുന്ന് പച്ചപ്പ് രസിക്കാൻ കൂട്ടിന് കുഞ്ഞ് ഉണ്ണികളുണ്ട്.വീട്ടിന്റെ മുൻവശത്ത് ഒരു കുഞ്ഞ് പച്ച-ക്കറി കൃഷിചെയ്ത തൊടി,അതിന് താഴെ നീണ്ട കുളിക്കടവ് ഒഴിഞ്ഞ ചാലിന്റെ പടിയിലിരു-ന്നാൽ മുങ്ങാൻ കോഴികളേയും,മീൻകൊത്തികളേയും കാണാം.തുള്ളിചാടുന്ന മീനുകളെ കാണാൻ പോവുക ഒരു പതിവാണ്.അമ്മവീട്ടിലിരുന്നാൽ ഉണ്ണികൾ ചാലിലെ വെള്ളം കുറഞ്ഞാൽ മീൻ പിടി-ക്കാൻ എന്നേം വിളിക്കും.ഞങ്ങളൊത്ത് വലിയ മീൻപിടിത്തുക്കാരുടെ ജാടയിൽ ചാലിലിറങ്ങും. കുഞ്ഞു രണ്ട് മീനുകളെ കിട്ടത്തുള്ളൂഎങ്കിലും അത് ഞങ്ങളുടെ സന്തോഷമാണ്.ആ മീനിന് വേണ്ടി ഞങ്ങൾ വഴക്കിടും.ചാലിനക്കരെ കാടാണ്.തെങ്ങും പനയും ചെടിയും ഇപ്പും നിറഞ്ഞ കാട്.കൂടെ പച്ച-

പ്പ് നിറഞ്ഞ നെൽപ്പാടങ്ങളും.മണ്ണിലെ സൗന്ദര്യങ്ങൾ തീരുന്നില്ല.പണ്ട് മുറ്റത്ത് ഉണ്ണികളോടൊപ്പം കളി-ക്കാനും ചിത്രം വരയ്ക്കാനും പൂക്കളമിടാനും മൺമുറ്റ-മാണ്.ഇന്നത് കോൺഗ്രേറ്റ്നിരത്തി മുത്തശ്ശി കഥ പലതും പറയും.ഞാനാ മടിയിലിരുന്ന് മുത്തശ്ശീടെ നീണ്ട ചെവികളിൽ തൊട്ട് കളിക്കും.പക്ഷേ, ഇന്നീ തിണ്ണ ഒഴിഞ്ഞ് ആളില്ലാതെ വിശാലമായ് കിടക്കുന്നു.എന്റെ 7 ക്ലാസിൽ പഠിക്കുന്നു,December മാസമാണ് മുത്തശ്ശി മരിച്ചത്.എല്ലാം എന്നിൽ നിന്നും അകന്നു.ഇന്നീ സന്തോഷം കാലങ്ങളോളം എന്നെ തനിച്ചാക്കി.എങ്കിലും എനിക്കെന്റെ അമ്മ വീട് ഏറെ മറക്കാനാവാത്ത സുഗന്ധമുള്ള മനസ്സിൽപതിഞ്ഞ ഓർമ്മയാണ്.

വിസ്മയ.എസ്
10.B

# ഞാൻ കാണുന്ന ലോകം

സൂര്യനസ്തമിച്ചു :പതിവുപ്പോലെ അന്നും സന്ധ്യമയങ്ങി. രാത്രിയിൽ ഉറങ്ങിക്കിടക്കുമ്പോൾ ജനാലക്കരികിൽ പൂക്കളുടെ ഗന്ധവും ചേറിക്കൊണ്ട് എത്തുന്ന കാറ്റുണ്ട്. എന്നാൽ ഇത് കാറ്റിന്റെ ശാന്തമായ മുഖമാണ്;കിളികളുടെ കളകള ശബ്ദം കേട്ടാണ് ഞാൻ ഉണർന്നത്. എന്തൊരു ചിലമ്പൽ ജാനാല തുറന്ന് നോക്കി!

ഒരുകരിയിലക്കിളികൾ.അവ തൊടിനിറയെ ഉണ്ട്.പരസ്പരം കൊക്കുരുമ്മി ശണ്ഠം ഉണ്ട്.അവ ഭക്ഷണത്തിന് പരതുകയാണ് കരിയിലയുടെ നിറം ശരീരത്തിന് മഞ്ഞനിറമുള്ള ചുണ്ടും കാലും എന്തുഭംഗി കാണാൻ.കരിയിലക്കൂട്ടത്തിൽ ഇരുന്നാൽ അവയെ തിരിച്ചറിയുകയേയില്ല.

മുറ്റത്തെ പൂന്തോട്ടത്തിൽ റോസിച്ചെടി നിറയെ ചുവന്ന റോസപ്പൂക്കൾ.എന്തൊരു ഭംഗി ചുവപ്പുനിറത്തിലുള്ള ഇതളുകളിൽ തലേദിവസത്തെ തുഷാരബിന്ദുക്കൾ എന്തൊരു ചുവപ്പുനിറം നല്ല സുഗന്ധം തൊട്ടടുത്തുതന്നെ തലയുർത്തി കാറ്റിലാടുന്ന ജമന്തിപ്പൂക്കൾ പുതുതായി നാലഞ്ചണ്ണം വിരിഞ്ഞിട്ടുണ്ട് അവയുടെ ഇള മഞ്ഞനിറം കണ്ണാൻ നല്ല രസം നല്ല സുഗന്ധവും ഉണ്ട്.മുല്ല പൂക്കാൻ തുടങ്ങി.അകലെ നിന്നേ നല്ല മണം അറിയാം വെള്ളനിറത്തിലുള്ള പൂക്കളുടെ വെണ്മ കാണേണ്ടത് തന്നെ അതാ എന്റെ ഈ കൊച്ചു പുന്തോട്ടത്തിൽ എല്ലനിറത്തിലുള്ള ചെമ്പരത്തിയുണ്ട്.അതാ മുളുന്ന

പാട്ടുകർ എത്തി.ഇത്രനേരത്തേ നിങ്ങളും പോന്നോ? പൂവങ്ങോട്ട്
വിടർന്നതേയുള്ളൂ കരിവണ്ടുകൾ വട്ടമിട്ടുപറക്കുകയാണ്.പൂവിൽ ചെന്ന്
തേൻകുടിക്കാൻ അവയുടെ കനത്താൽ പൂവ് ചാഞ്ഞ് പോകുന്നു.തേൻ
കുടിക്കാൻ മറ്റൊരു പൂവുപോലെ

പൂമ്പാറ്റകളുമെത്തി.എന്തൊരുഭംഗിയാണ് അവയെകാണാൻ എല്ലാ
പൂക്കളുടെയും നിറം
ചേർത്ത് ചാരുതയോടെ ഇന്നിപ്പിടിപ്പിച്ച ബഹുവർണ്ണക്കുപ്പായം അതാ
കിഴക്ക് വലിയ കുങ്കുമപ്പൊട്ട് കത്തിജ്വലിച്ചുനിൽക്കുന്നു.നോക്കാൻ
പറ്റുന്നില്ല.അത്രയ്ക്കുണ്ട് പ്രകാശം തെളിമയാർന്ന വാനം
വെള്ളമേഘങ്ങൾ ആട്ടിൻകുഞ്ഞുങ്ങളെപ്പോലെ വലിയ
പഞ്ഞിക്കെട്ടുപോലെ ആകാശത്ത് ഒഴുകി
നടക്കുന്നു.ആകാശത്തിന്റെനിലിമ എന്തൊരു സൗന്ദര്യം സ്രഷ്ടാവിന്റെ
കൈകൾ എത്ര ചരുതയോടെയാണ് ഇവയെല്ലാം
കോർത്തിണക്കിയിരിക്കുന്ന്.എത്ര നയനാനന്ദകരമായ കാഴ്ചകളാണ്
ഈ ഭൃമുഖത്ത്.

VEENAMOL
10 A

# അമൃതപീതം

## ആസ്വാദനക്കുറിപ്പ്

1919-ൽ പഞ്ചാബിലെ ഗുജറാൻ
വാലയിലാണ് അമൃത ജനിച്ചഏറ്റെടുക്കേണ്ടി വന്നു.16-ാം
വയസ്സിലാണ് ഇദ്ദേഹം ആദ്യകവിതാസമാ-
ഹാരം അമൃത് ലഹരേം പ്രസിദ്ധീക-
രിക്കപ്പെടുന്നത്.

ഇന്ത്യ-പാക്ക് വിഭജന-
ത്തിൽ ഇവർ 28-ാം വയസ്സിൽ ലാ-
ഹോർ ഉപേക്ഷിക്കേണ്ടി വന്നു.ഈ
സമയത്ത് ആജ ആവാൻ വാരിഡ് ഷാനു
എന്ന കവിത വിഭനകാലത്ത് ഒരു അനുസ്മരണകുറിപ്പായാണ്
അറിയപ്പെട്ടിരുന്നത്.

1969-ൽ പത്മ-
ശ്രീയും പിന്നീട് പത്മവിഭൂഷണവും
ലഭിച്ചിട്ടുണ്ട്.കൂടാതെ തന്നെ സാഹി-
ത്യ അക്കാദമി ഫെലോഷിപ്പും അ-
വർക്ക് ലഭിച്ചിട്ടുണ്ട്.

സജീന.ജെ

8.A

# SCHOOL TOUR





# നന്ദി

പെരുമ@1996 എന്ന ഡിജിറ്റൽ മാഗസിൻ തയാറാക്കാൻ സഹകരിച്ച ഏവർക്കും

നന്ദി രേഖപ്പെടുത്തുന്നു.......

